# പോലീസ് വകുപ്പ്

കേരളം

**No. E2-3937/2018/SCRB**

സംസ്ഥാന ക്രൈം റിക്കാർഡ് ബ്യൂറോ,

തിരുവനന്തപുരം

dgpscrb.pol@kerala.gov.in

04712446522

തീയതി. 06-06-2018

## NOTIFICATION

**ലേലപരസ്യം**

തിരുവനന്തപുരം പട്ടം സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ എംടി വിങ്ങിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗ യോഗ്യമല്ലാത്ത സാധന സാമഗ്രഹികളും കാലഹരണപ്പെട്ട ടയറുകളും മറ്റും 20/07/2018 ന പകൽ 11.00 മണിക്ക് എഡിജിപി എസ്‌സിആർബി ഓഫീസ് പരിസരത്ത് വച്ച് പരസ്യ ലേലം വഴി വില്പന നടത്തുന്നതാണ്. ലേല വസ്തു വകകളുടെ അനുബന്ധപട്ടിക ഇതോടപ്പം ഉള്ളടക്കം ചെയ്യുന്നു.

1) MT Spareparts - 113 Nos.
2) Tyres of various sizes - 118 Nos.
3) Tubes of various sizes- 59 Nos.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപായി വസ്തുവകകൾക്ക് നിശ്ചയിച്ചിരിക്കുന്ന നിരതദ്രവ്യമായ 1000/- രൂപ ( ആയിരം രൂപാ മാത്രം) എഡിജിപി എസ്‌സിആർബി ഓഫീസ് ആസ്ഥാനത്ത് അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. പരസ്യലേലം കഴിഞ്ഞയുടൻ കൂടുതൽ തുക വിളിച്ചയാൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം കൊണ്ടയാൾ 7 ദിവസത്തിനകം മേൽ പറഞ്ഞ വസ്തുവകകൾ നികുതികൾ ഉൾപ്പടെയുള്ള തുക എഡിജിപി എസ്‌സിആർബി ആസ്ഥാനത്ത് അടച്ച് സ്വന്തം ചിലവിലും, ഉത്തരവാദിത്വത്തിലും ആഫ്ഫിസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവസാൽ ലേലം/ ദർഘാസ് സ്ഥിരപ്പെടുത്തി കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിന് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകക്ക് മുൻ ലേലക്കാരന് യാതൊരു വിധ അവകാശമോ അർഹതയോ ഉണ്ടായിരുക്കുന്നതല്ല.

ലേലത്തിന് നിശ്ചയിച്ചിരിക്കുന്ന വസ്തുക്കൾ ലേല തീയതിക്ക് മുൻപുള്ള ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് ഓഫീസ് അധിക്രതരുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. യുക്തമല്ലന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേല നടപടികൾ റദ്ദ് ചെയ്യുന്നതിനും എഡിജിപി എസ്‌സിആർബിക്കു അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് എഡിജിപി എസ്‌സിആർബി യുടെ തീരുമാനം അന്തിമമായിരിക്കും.

ടോമിൻ ജെ തച്ചങ്കരി ഐപിഎസ്

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്

പകർപ്പ് : 1) സംസ്ഥാന പോലീസ് മേധാവി, കേരളം അറിവിലേക്ക് 2) എസ്പി എംടി & ഡിവൈഎസ്പി എംടി, പോലീസ് ആസ്ഥാനം അറിവിലേക്ക് 3) സൂപ്രണ്ട്, ഗവൺമെൻറ് പ്രസ്സ്, തിരുവനന്തപുരം (with C/L) 4) ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (with C/L) 5) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ സർക്കിൾ ഇൻസ്പെക്ടർ (

എച്ച് ക്യൂ) അറിവിലേക്കും നോട്ടീസ് ബോർഡിൽ പകർത്തുന്നതിനുമായി 6) എസ്എ എസ്സിആർബി പരസ്യം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി 7) കാഷ്യർ എസ്സിആർബിയുടെ അറിവിനും നിരതദ്രവ്യം സ്വീകരിക്കുന്നതിനുമായി 8) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, പോലീസ് കമ്മീഷണർക്കുമാർക്കും, ബറ്റാലിയൻ കമാണ്ടന്റുമാർക്കും 9) സ്റ്റോക്ക് ഫയൽ

Internal Administrative Processing System
iAPS
KERALA POLICE